**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** **07-02-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര അമരവിള-ഒറ്റശേഖരമംഗലം റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര അമരവിള-ഒറ്റശേഖരമംഗലം റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ? | (എ) | അമരവിള ഒറ്റശേഖരമംഗലം റോഡ് പ്രവൃത്തി കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി – പി.എം.യു മുഖേന യാണ് നടപ്പിലാക്കി വരുന്നത്. പ്രവൃത്തിക്ക് 01-11-2016-ൽ 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 16.09.2017ൽ 26.97 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 01-11-2017 -ൽ 26.97 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി 09-11-2017-ൽ ടെൻഡർ ചെയ്തിരുന്നു. 23.01.2018ൽ M/sകുദ്രോളി കൺസ്ട്രക്ഷൻ കമ്പനിയുമായി 21.27 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ടിരുന്നു. ഒരു വർഷമായിരുന്നു പൂർത്തീകരണ കാലാവധി. 31-12-2021 വരെ നിർമ്മാണ കാലാവധി നീട്ടി നൽകിയിരുന്നു. വാട്ടർ അതോറിറ്റി യൂട്ടിലിറ്റികൾ മാറ്റുന്നതിലും റോഡ് പുറമ്പോക്കിലെ അനധികൃത കൈയ്യേറ്റങ്ങൾ നിയമപരമായി നീക്കം ചെയ്ത് സ്ഥലം വിട്ടുകിട്ടുന്നതിലുള്ള കാലതാമസം കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ ബി.സി പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ എന്ന് 13.10.2021 -ലെ ഒബ്സർവേഷൻ മെമ്മോ പ്രകാരം കിഫ്‌ബി നിർദ്ദേശിച്ചു. DBM ഉൾപ്പടെ 76% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 08-03-2022 -ലെ കോൺട്രാക്ടറുടെ അപേക്ഷ പ്രകാരവും കിഫ്ബിയുടെ നിർദ്ദേശമനുസരിച്ചും കരാർ ഉടമ്പടി 19.05.2022-ൽ foreclose ചെയ്തു.<br><br>ബാലൻസ് ഉണ്ടായിരുന്ന ബി.സി, കാൽനടപാലത്തിന്റെ നിർമ്മാണം, പാലത്തിന്റെ നവീകരണം, റോഡ് സേഫ്റ്റി തുടങ്ങിയ പ്രവൃത്തികൾക്ക് 21-10-2022 -ൽ സാങ്കേതികാനുമതി നൽകി. വാട്ടർ അതോറിറ്റി ഷിഫ്റ്റിംഗ് എസ്റ്റിമേറ്റ് കൂടി ഉൾപ്പെടുത്തി Composite tender ആയിട്ട് പ്രവൃത്തി |

| | | | |
|---|---|---|---|
| | | | 22.10.2022 -ൽ ടെണ്ടർ ചെയ്തു. എന്നാൽ യാതൊരു പ്രതികരണവും ലഭിക്കാത്തതിനെ തുടർന്ന് 19.11.2022 -ൽ റീ-ടെണ്ടർ ക്ഷണിക്കുകയും 08.12.2022 -ന് ടെണ്ടർ തുറക്കുകയും ചെയ്തു. 36.28% അധിക നിരക്കിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ഏക ടെണ്ടർ മാത്രമാണ് ലഭിച്ചത്. Negotiation നടത്തി 24.35% ആയി തുക കുറച്ചിട്ടുണ്ട്. ടെണ്ടർ അംഗീകാരത്തിനായി ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ